**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2114 — 08.03. 2018 ൽ മറുപടിക്ക്

## മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ

ചോദ്യം
ശ്രീ.റ്റി.വി.രാജേഷ്

ഉത്തരം
ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| കെ.എസ്.ഇ.ബി.-യിൽ മീറ്റർ റീഡർ തസ്തികയിലേക്കുള്ള എത്ര ഒഴിവുകൾ പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ? | നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഓരോ വിഭാഗത്തിലും എത്ര തസ്തികയാണ് (എണ്ണം) ആവശ്യമെന്നത് സംബന്ധിച്ച് ഒരു പഠനം ഐ.ഐ.എം. കോഴിക്കോട് നടത്തുകയും റിപ്പോർട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായി ഈ റിപ്പോർട്ട് പഠിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായി ഒരു സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തസ്തികകൾ (മീറ്റർ റീഡർ ഉൾപ്പെടെ), ഇവയിൽ അനുവദനീയമായ ഒഴിവുകൾ എന്നിവ എത്രയാണെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.<br><br>കേന്ദ്ര ഊർജ്ജ വകുപ്പും, കേരള ഗവൺമെന്റും, കെ.എസ്.ഇ.ബി. ലിമിറ്റഡും തമ്മിലുള്ള ത്രികക്ഷി കരാർ പ്രകാരം 'സ്മാർട്ട് മീറ്റർ' ഉപയോഗത്തിൽ കൊണ്ടു വരുവാൻ നിശ്ചയിച്ചിരിക്കുന്നു. ഉപഭോക്താവിന്റെ വസതിയിൽ / കമ്പനിയിൽ എത്താതെ തന്നെ റീഡിംഗ് എടുക്കുവാനുള്ള സൗകര്യം ഉള്ളതാണ് ഈ മീറ്റർ. 5 ലക്ഷത്തോളം സ്മാർട്ട് മീറ്ററുകൾ വാങ്ങാനുള്ള അനുവാദം ഗവൺമെന്റ് ഓഫ് ഇന്ത്യയിൽ നിന്നും ലഭിച്ചിട്ടുണ്ട്.<br><br>പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (PDA)-ന്റെ |

| | |
|---|---|
| | ഉപയോഗത്തിലൂടെ നിലവിലുള്ള മീറ്റർ റീഡിംഗ് ജോലി ഏത് ഉദ്യോഗസ്ഥനും ചെയ്യാവുന്നതാണ്. സാങ്കേതിക വിദ്യയുടെ ഏറ്റവും ആധുനികമായ വിനിയോഗത്തിലൂടെ വൈദ്യുതി ഉപഭോഗം വിലയിരുത്തുവാൻ സ്മാർട്ട് മീറ്റർ സഹായിക്കുന്നതുകൊണ്ടും ആധുനികവൽക്കരണ നടപടികളിലൂടെ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വിവിധ വിഭാഗം ജീവനക്കാർക്ക് ജോലിഭാരത്തിലുണ്ടായ കുറവ് പരിഗണിച്ച് ജീവനക്കാരുടെ ജോലികൾ പുന: ക്രമീകരിക്കുകയും മറ്റ് തസ്തികകളിലെ ജീവനക്കാരെക്കൊണ്ട് മീറ്റർ റീഡിംഗ് ജോലികൾ നടത്തുവാൻ നിലവിൽ സാഹചര്യം ഉള്ളതുകൊണ്ടും 799 മീറ്റർ റീഡർ തസ്തികകൾ WP(C) No.30039/2016-ലെ ബഹുമാനപ്പെട്ട കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയമായി നിർത്തലാക്കുവാൻ കമ്പനി 23.02.2018–ലെ B.O.(DB) No.494/2018 (Estt.II/6718/2016) പ്രകാരം തീരുമാനിച്ച് ഉത്തരവായി.<br><br>മീറ്റർ റീഡർ തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് WP(C) No.30039/2016-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 04.01.2018-ൽ പുറപ്പെടുവിച്ച വിധി നിലവിലുണ്ട്. എന്നാൽ മേൽ ഹൈക്കോടതി ഉത്തരവിനെതിരെ കെ.എസ്.ഇ.ബി ലിമിറ്റഡിൽ അപ്പീൽ ഫയൽ ചെയ്യുകയും സ്റ്റേ ഉത്തരവ് ലഭിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ